## പതിനാലാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 10      28.05.2019-ൽ മറുപടിയ്ക്ക്

### <u>മന്ത്രിമാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മന്ത്രിമാർക്ക് ശമ്പളം,ബത്ത, യാത്രപ്പടി തുടങ്ങിയ ഇനത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; | (എ) | ശമ്പളം,<br>ക്ഷാമബത്ത,<br>നിയമസഭാ മണ്ഡല അലവൻസ്,<br>യാത്രബത്ത,<br>എന്നിവയാണ് പ്രതിമാസം നൽകി വരുന്നത് |
| (ബി) | മന്ത്രിമാർക്ക് യാത്രപ്പടി ഇനത്തിലും ഇൻസിഡന്റൽ എക്സ്പെൻസ് ഇനത്തിലും കിലോമീറ്ററിന് എത്ര രൂപ വീതമാണ് നൽകുന്നത്; | (ബി) | **<u>യാത്രാപ്പടി</u>** -<br>സർക്കാർ വാഹനം/വാടകയ്ക്ക് എടുക്കുന്ന വാഹനം/സ്വന്തം വാഹനം ഉപയോഗിക്കുമ്പോൾ (റോഡ് മാർഗ്ഗം) കിലോമീറ്ററിന് 15/- രൂപ നിരക്കിൽ നൽകിവരുന്നു. നഗരത്തിനുള്ളിൽ (8 കി.മീ പരിധിയിൽ ) യാത്രാപ്പടി ലഭിക്കുന്നതല്ല<br>**<u>ഇൻസിഡന്റൽ എക്സ്പെൻസ്</u>**-<br>ഗസ്റ്റ് ഹൗസ് വാഹനം/ഡിപ്പാർട്ട്മെന്റ് വാഹനം ഉപയോഗിക്കുമ്പോൾ (റോഡ് മാർഗ്ഗം) കിലോമീറ്ററിന് 2/- രൂപ നിരക്കിൽ നൽകിവരുന്നു.<br>**<u>ട്രെയിൻ യാത്രയ്ക്ക്</u>**-<br>ഫസ്റ്റ് ക്ലാസ്/എ.സി ടിക്കറ്റ് ഫെയർ, കിലോമീറ്ററിന് 1/- രൂപ നിരക്കിൽ ഇൻസിഡന്റൽ എക്സ്പെൻസ് നൽകിവരുന്നു.<br>**<u>വിമാന യാത്രയ്ക്ക്</u>**-<br>യഥാർത്ഥ ഫെയറും, 500/- രൂപ ഇൻസിഡന്റൽ എക്സ്പെൻസും നൽകിവരുന്നു.<br>**<u>ദിനബത്ത</u>**-<br>1000/- രൂപ |

| | | | |
|---|---|---|---|
| (സി) | മന്ത്രിമാർ ഉപയോഗിക്കുന്ന വാഹനത്തിന്റെ ഇന്ധന (ഡീസൽ/പെട്രോൾ) ചെലവ് വഹിക്കുന്നത് എപ്രകാരമാണ്; | (സി) | യാത്രാപ്പടിയായി കിലോമീറ്ററിന് 15/- രൂപ നിരക്കിൽ ലഭിക്കുന്ന തുകയിൽ നിന്നാണ് ഇന്ധനത്തിനുള്ള ചെലവ് വഹിക്കുന്നത്. |
| (ഡി) | മന്ത്രിമാർക്ക് ഇന്ധന ചെലവിന് കിലോമീറ്ററിന് നൽകുന്ന തുകയുടെ ശേഷിക്കുന്ന സംഖ്യ അവരുടെ വരുമാനമായി കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ